**മധുരമായ കുട്ടികളേ - സദാ ഈ സന്തോഷത്തിലിരിക്കൂ നമ്മെ ഒരു ദേഹധാരിയുമല്ല പഠിപ്പിക്കുന്നത്, അശരീരിയായ ബാബ ഈ ശരീരത്തിലേക്ക് പ്രവേശിച്ച് വിശേഷിച്ചും നമ്മെ പഠിപ്പിക്കാനായി വന്നിരിക്കുകയാണ്.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് എന്തിനാണ് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുന്നത്?
**ഉത്തരം:-** നമുക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുന്നത് ശാന്തിധാമത്തേയും സുഖധാമത്തേയും കാണുന്നതിനു വേണ്ടിയാണ്. ഈ കണ്ണുകളിലൂടെ നിങ്ങൾ എന്തെല്ലാമാണോ കാണുന്നത്, പഴയ ലോകം, മിത്ര സംബന്ധികൾ ഇവയിൽ നിന്നെല്ലാം ബുദ്ധിയെ അകറ്റണം. ബാബ വന്നിരിക്കുകയാണ് അഴുക്കിൽ നിന്നും മുക്തമാക്കി പുഷ്പമാക്കി (ദേവത) മാറ്റാൻ, അപ്പോൾ ഇങ്ങനെയുള്ള പിതാവിന് ആദരവും നൽകണം.

**ഓം ശാന്തി**. കുട്ടികളെ പ്രതിയുള്ള ശിവഭഗവാന്റെ മഹാവാക്യം. ശിവഭഗവാനെ സത്യമായ അച്ഛൻ എന്നു തീർച്ചയായും പറയും കാരണം രചയിതാവല്ലേ. ഇപ്പോൾ നിങ്ങൾ കുട്ടികളെത്തന്നെയാണ് ഭഗവാൻ പഠിപ്പിക്കുന്നത് - ഭഗവാൻ, ഭഗവതിയാക്കി മാറ്റുന്നതിനു വേണ്ടി. തന്റെ ടീച്ചറെക്കുറിച്ചോ പഠിപ്പിനെക്കുറിച്ചോ തന്റെ റിസൾട്ടിനെക്കുറിച്ചോ അറിയാത്തതായ ഒരു വിദ്യാർത്ഥിയും ഉണ്ടാകില്ലെന്ന് ഓരോരുത്തർക്കും നല്ല രീതിയിൽ അറിയാം. ഭഗവാനാണ് നിങ്ങളെ പഠിപ്പിക്കുന്നത് എങ്കിൽ കുട്ടികൾക്ക് എത്ര സന്തോഷം ഉണ്ടായിരിക്കണം. എന്തുകൊണ്ട് ഈ സന്തോഷം സ്ഥായിയായി നിലനിൽക്കുന്നില്ല? നിങ്ങൾക്കറിയാം ഏതൊരു ദേഹധാരി മനുഷ്യനുമല്ല നമ്മെ പഠിപ്പിക്കുന്നത്. അശരീരിയായ ബാബ ഈ ശരീരത്തിലേക്ക് പ്രവേശിച്ച് പ്രത്യേകിച്ചും നിങ്ങൾ കുട്ടികളെ പഠിപ്പിക്കാനായാണ് വന്നിരിക്കുന്നത്. ഭഗവാനാണ് പഠിപ്പിക്കുന്നതെന്ന് ആർക്കും അറിയില്ല. നിങ്ങൾക്കറിയാം നമ്മൾ ഭഗവാന്റെ കുട്ടികളാണ്, ബാബയാണ് നമ്മെ പഠിപ്പിക്കുന്നത്, ബാബാ തന്നെയാണ് ജ്ഞാനസാഗരൻ. ശവബാബയുടെ സന്മുഖത്താണ് നിങ്ങൾ ഇരിക്കുന്നത്. ആത്മാക്കളും പരമാത്മാവും ഇപ്പോഴാണ് മിലനം ചെയ്യുന്നത് ഇത് ഒരിക്കലും മറക്കരുത്. പക്ഷെ മായ മറപ്പിക്കുന്നു. ഇല്ലെങ്കിൽ ഭഗവാനാണ് പഠിപ്പിക്കുന്നത് എന്ന ലഹരി ഉണ്ടായിരിക്കണമല്ലോ! ബാബയെത്തന്നെ ഓർമ്മിക്കണം. പക്ഷെ ഇവിടെ തീർത്തും മറന്നു പോകുന്ന ചില കുട്ടികൾ ഉണ്ട്. അവർക്ക് ഒന്നും തന്നെ അറിയില്ല. സ്വയം ഭഗവാൻ പറയുന്നു ഒരുപാടു കുട്ടികൾ ഇത് മറന്നു പോകുന്നുണ്ട്, ഇല്ലെങ്കിൽ ആ സന്തോഷം ഉണ്ടായിരിക്കണ്ടേ നമ്മൾ ഭഗവാന്റെ കുട്ടികളാണ് ബാബ നമ്മെ പഠിപ്പിക്കുന്നു. മായ അതി ശക്തിശാലിയാണ് നമ്മെ പൂർണ്ണമായും മറപ്പിക്കുന്നു. ഈ കണ്ണുകളിലൂടെ കാണുന്ന പഴയ ലോകം, മിത്രസംബന്ധികൾ, ഇവയിലേക്കെല്ലാം ബുദ്ധിയെ കൊണ്ടുപോകുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ മൂന്നാമത്തെ നേത്രം നൽകുന്നു. നിങ്ങൾ ശാന്തീധാമത്തേയും സുഖധാമത്തേയും ഓർമ്മിക്കൂ. ഈ ദു:ഖധാമം വളരെ മോശമായ ലോകമാണ്. നിങ്ങൾക്കറിയാം ഭാരതം ആദ്യം സ്വർഗ്ഗമായിരുന്നു, ഇപ്പോൾ നരകമാണ്. ബാബ വന്ന് വീണ്ടും പുഷ്പമാക്കി മാറ്റുന്നു. സത്യയുഗത്തിൽ നിങ്ങൾക്ക് 21 ജന്മത്തേക്ക് സുഖം ലഭിക്കുന്നു. ഇതിനു വേണ്ടിയാണ് നിങ്ങൾ പഠിക്കുന്നത്. പക്ഷെ പൂർണ്ണമായും പഠിക്കാത്തതു കാരണം ഇവിടെയുള്ള ധനത്തിലും സമ്പത്തിലും തന്നെ ബുദ്ധി തൂങ്ങിക്കിടക്കുന്നു. അതിൽ നിന്നും ബുദ്ധി മാറ്റുന്നില്ല. ബാബ പറയുന്നു ബുദ്ധിയെ ശാന്തീധാമത്തിലേക്കും സുഖധാമത്തിലേക്കും വയ്ക്കൂ. പക്ഷെ ബുദ്ധി മോശമായ ലോകത്തിലേക്ക് പറ്റിപ്പിടിച്ച പോലെയാണ്, അതിൽനിന്നും വിട്ടു പോരുന്നില്ല. ഇവിടെയാണ് ഇരിക്കുന്നത് എങ്കിൽപ്പോലും പഴയ ലോകത്തിൽ നിന്നും ബുദ്ധിയെ മുറിക്കുന്നില്ല. ഇപ്പോൾ ബാബ വന്നിരിക്കുകയാണ്- പുഷ്പത്തിനു സമാനം പവിത്രമാക്കി മാറ്റുന്നതിനു വേണ്ടി. നിങ്ങൾ മുഖ്യമായും പവിത്രതയെക്കുറിച്ചാണ് പറയുന്നത് - ബാബ നമ്മെ പവിത്രമാക്കി പവിത്ര ലോകത്തിലേക്ക് കൊണ്ടു പോകുന്നു എങ്കിൽ ആ ബാബയെ എത്രത്തോളം ബഹുമാനിക്കണം. അങ്ങനെയൊരു അച്ഛനു മേൽ ബലിയർപ്പണം ചെയ്യണം. ബാബ പരംധാമത്തിൽ നിന്നും വന്നാണ് കുട്ടികളെ പഠിപ്പിക്കുന്നത്. കുട്ടികൾക്കു വേണ്ടി എത്രയാണ് പ്രയത്നിക്കുന്നത്. ഒറ്റയടിക്ക് അഴുക്കിൽ നിന്നും മുക്തമാക്കുന്നു. ഇപ്പോൾ നിങ്ങൾ പുഷ്പമായി മാറിക്കൊണ്ടിരിക്കുകയാണ്. അറിയാം കൽപ്പകൽപ്പം നമ്മൾ ഇതുപോലെ പുഷ്പം (ദേവത) ആയി മാറുന്നവരാണ്. മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുവാൻ ഭഗവാന് ഒരിക്കലും അധികം സമയം എടുക്കില്ല. ഇപ്പോൾ നമ്മെ ബാബ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ ഇവിടെ മനുഷ്യനിൽ നിന്നും ദേവതയായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതും ഇപ്പോഴാണ് നിങ്ങൾക്ക് മനസ്സിലായത്, നമ്മൾ സ്വർഗ്ഗവാസികൾ ആയിരുന്നു എന്ന് ആദ്യം അറിഞ്ഞിരുന്നില്ല. ഇപ്പോൾ ബാബ പറയുന്നു നിങ്ങൾ ആദ്യം രാജ്യം ഭരിച്ചിരുന്നു പിന്നീട് രാവണൻ നിങ്ങളുടെ രാജ്യത്തെ തട്ടിയെടുത്തു. നിങ്ങൾ തന്നെയാണ് വളരെയധികം സുഖം കണ്ടത് പിന്നീട് 84 ജന്മങ്ങളെടുത്ത് ഏണിപ്പടികൾ

ഇറങ്ങിയതും നിങ്ങൾ തന്നെയാണ്. ഇത് വളരെ മോശമായ ലോകമാണ്. മനുഷ്യർ എത്ര ദു:ഖികളാണ്, എത്ര പേരാണ് വിശന്ന് മരിക്കുന്നത്, ഇവിടെ ഒട്ടും സുഖമില്ല. എത്ര വലിയ ധനവാനാണെങ്കിലും, അൽപ്പകാലത്തെ കാഗവിഷ്ട സമാനമുള്ള സുഖമാണുള്ളത്. ഇതിനെയാണ് വിഷയ വൈതരണിനദി എന്നു പറയുന്നത്. സ്വർഗ്ഗത്തിൽ നമ്മൾ വളരെ സുഖികൾ ആയിരുന്നു ഇപ്പോൾ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി ക്കൊണ്ടിരിക്കുകയാണ്.

ഇപ്പോൾ നിങ്ങൾക്കു മനസ്സിലായി നമ്മൾ തന്നെയായിരുന്നു ദേവതകൾ പിന്നീട് പുനർജന്മം എടുത്തെടുത്ത് വേശ്യാലയത്തിലേക്ക് വന്നിരിക്കുകയാണ്. ഇപ്പോൾ നിങ്ങളെ വീണ്ടും ശിവാലയത്തിലേക്ക് കൊണ്ടുപോവുകയാണ്. ശിവബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തു കൊണ്ടിരിക്കുകയാണ് നിങ്ങളെ പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. അപ്പോൾ നല്ല രീതയിൽ പഠിക്കണമല്ലോ. പഠിച്ച്, ചക്രം ബുദ്ധിയിൽ കറക്കി ദൈവീകഗുണം ധാരണ ചെയ്യണം. നിങ്ങൾ കുട്ടികൾ രൂപ് -ബസന്ത് ആണ്, നിങ്ങളുടെ വായിലൂടെ സദാ ജ്ഞാനരത്നങ്ങൾ മാത്രം വീഴണം, അഴുക്ക് വീഴരുത്. ബാബയും പറയുന്നു ഞാനും രൂപ്-ബസന്താണ്... ഞാൻ പരമാത്മാവ് ജ്ഞാനത്തിന്റെ സാഗരനാണ്, പഠിപ്പിനെ സമ്പാദ്യത്തിന്റെ ഉറവിടം എന്നു പറയാറുണ്ട്. പഠിച്ച് എപ്പോഴാണോ വക്കീലും ഡോക്ടറും ആകുന്നത് അപ്പോൾ ലക്ഷക്കണക്കിന് രൂപ സമ്പാദിക്കും. ചില-ചില ഡോക്ടർമാർ മാസത്തിൽ ലക്ഷക്കണക്കിന് രൂപ സമ്പാദിക്കുന്നവരുണ്ട്. ചിലർക്ക് കഴിക്കാനുള്ളതിനു പോലും ലഭിക്കുന്നില്ല. നിങ്ങളും ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ എന്തായാണ് മാറുന്നത് ? വിശ്വത്തിന്റെ അധികാരി. നിങ്ങൾക്ക് ഈ പഠിപ്പിന്റെ ലഹരി ഉണ്ടായിരിക്കണം. നിങ്ങൾ കുട്ടികളുടെ സംസാരത്തിലും വളരെ രാജകീയത ആവശ്യമാണ്. നിങ്ങൾ രാജകീയമായി മാറുന്നു രാജാക്കന്മാരുടെ പെരുമാറ്റം എങ്ങനെയെന്ന് നോക്കൂ. ബ്രഹ്മാബാബ ഇതിന്റെ അനുഭവിയാണ്. രാജാക്കന്മാർക്ക് കാണിക്ക വയ്ക്കുമ്പോൾ അവർ ഒരിക്കലും തന്റെ കൈകൾ കൊണ്ട് സ്വീകരിക്കില്ല. അഥവാ സ്വീകരിക്കുകയാണെങ്കിൽ തന്നെ സെക്രട്ടറിക്ക് നൽകാൻ സൂചന നൽകും വളരെ രാജകീയമാണ്. ബുദ്ധിയിൽ ഉണ്ടായിരിക്കും ആരിൽ നിന്നാണോ നാം എന്തെങ്കിലും സ്വീകരിക്കുന്നത് പിന്നീട് അവർക്കത് തിരിച്ചു കൊടുക്കുകയും വേണമല്ലോ. സ്വീകരിച്ചില്ലെങ്കിൽ കൊടുക്കേണ്ട ആവശ്യമില്ല. ചില രാജാക്കന്മാർ തന്റെ പ്രജയിൽ നിന്നും ഒട്ടും സ്വീകരിക്കില്ല. ചിലർ കൊള്ളയടിക്കുന്നവരുമുണ്ട്. രാജാക്കന്മാരിലും വ്യത്യാസമുണ്ട്. ഇപ്പോൾ നിങ്ങൾ സത്യയുഗീ ഡബിൾ കിരീടധാരി രാജാക്കന്മാരായി മാറുകയാണ്. ഡബിൾ കിരീടത്തിനായി തീർച്ചയായും പവിത്രത ആവശ്യമാണ്. ഈ വികാരി ലോകത്തെ ഉപേക്ഷിക്കണം. നിങ്ങൾ കുട്ടികൾ വികാരങ്ങളെ ഉപേക്ഷിച്ചു, വികാരികൾക്ക് ഇവിടെ വന്ന് ഇരിക്കാൻ അനുവാദമില്ല. അഥവാ പറയാതെ വന്ന് ഇരിക്കുകയാണെങ്കിലും അവനവന്റെ തന്നെ ബുദ്ധിമുട്ടാണ് ഉണ്ടാക്കുന്നത്. ചിലർ കാപട്യം കാണിക്കുന്നു, ആരും അറിയില്ലെന്ന് വിചാരിക്കുന്നു. ബാബ കണ്ടാലും ഇല്ലെങ്കിലും സ്വയം പാപാത്മാവായിത്തീരുകയാണ്. നിങ്ങളും ആദ്യം പാപാത്മാക്കളായിരുന്നു. ഇപ്പോൾ പുരുഷാർത്ഥത്തിലൂടെ പുണ്യാത്മാവായി മാറുന്നു. നിങ്ങൾ കുട്ടികൾക്ക് എത്ര ജ്ഞാനമാണ് ലഭിച്ചിരിക്കുന്നത്. ഈ ജ്ഞാനത്തിലൂടെ നിങ്ങൾ കൃഷ്ണപുരിയുടെ അധികാരിയായി മാറുന്നു. ബാബ നിങ്ങളെ വളരെ നന്നായി അലങ്കരിക്കുന്നു. ഉയർന്നതിലും ഉയർന്ന ഭഗവാനാണ് പഠിപ്പിക്കുന്നത് എങ്കിൽ എത്ര സന്തോഷത്തോടെ പഠിക്കണം. സൗഭാഗ്യശാലി കുട്ടികൾക്കു മാത്രമേ ഇങ്ങനെയുള്ള പഠിപ്പ് പഠിക്കാൻ സാധിക്കൂ, പിന്നീട് സർട്ടിഫിക്കറ്റും നേടണം. ബാബ പറയുന്നു നിങ്ങൾ യഥാർത്ഥ രീതിയിൽ പഠിക്കുന്നുണ്ടോ. ബുദ്ധി പലരുടേയും അലഞ്ഞുകൊണ്ടിരിക്കുകയാണ് അപ്പോൾ എന്തു പദവി ലഭിക്കാനാണ് . ലൗകീക അച്ഛനും പറയും ഈ അവസ്ഥയിൽ പോയാൽ നീ തോൽക്കുക തന്നെ ചെയ്യും. ചിലർ പഠിച്ച് ലക്ഷക്കണക്കിന് സമ്പാദിക്കുന്നവരുമുണ്ട്. ചിലരെ നോക്കുകയാണെങ്കിൽ പ്രയത്നിച്ചുകൊണ്ടേയിരിക്കും. നിങ്ങൾക്ക് മാതാപിതാക്കളെ അനുകരിക്കണം. ഏതെല്ലാം സഹോദരങ്ങളാണോ നല്ല രീതിയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് അവർക്ക് ആത്മീയ സേവനം ചെയ്യാൻ കഴിയും. ചിത്ര പ്രദർശിനിയിൽ വളരെപ്പേരെ പഠിപ്പിക്കുന്നുണ്ടല്ലോ. ഇനി മുന്നോട്ട് പോകവേ എത്രത്തോളം ദു:ഖം വർദ്ധിക്കുന്നുവോ അത്രത്തോളം മനുഷ്യർക്കു വൈരാഗ്യവും വരും പിന്നീട് പഠിപ്പിൽ മുഴുകും. ദുഖത്തിൽ എല്ലാവരും ഭഗവാനെ നന്നായി ഓർമ്മിക്കുന്നു. മരിക്കുന്ന സമയത്ത് അല്ലയോ രാമാ അല്ലെയോ ഭഗവാനേ എന്ന് ദു:ഖത്തോടെ പറയുന്നുണ്ടല്ലോ. നിങ്ങൾക്കാണെങ്കിൽ ഒന്നും ചെയ്യേണ്ടതില്ല. നിങ്ങൾ സന്തോഷത്തോടെ തയ്യാറെടുക്കുന്നു. ഈ പഴയ ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ എത്രയും പെട്ടന്ന് വീട്ടിലേക്ക് പോകാം. സത്യയുഗത്തിൽ ശരീരവും വളരെ മനോഹരമായത് ലഭിക്കുന്നു. പുരുഷാർത്ഥം ചെയ്ത് പഠിപ്പിക്കുന്നവരെക്കാളും ഉയർന്ന അവസ്ഥയിലേക്ക് പോകണം. ഇങ്ങനെയുമുണ്ട് പഠിപ്പിക്കുന്നവരേക്കാളും പഠിക്കുന്നവരുടെ അവസ്ഥ വളരെ വളരെ നല്ലതാകുന്നു. ബാബയ്ക്ക് ഓരോരുത്തരേയും അറിയാമല്ലോ. നിങ്ങൾ കുട്ടികൾക്കും അറിയാം തന്റെ ഉള്ളിലേക്ക് നോക്കണം- എന്നിൽ എന്തെല്ലാം കുറവുകളാണ് ഉള്ളത്? മായയുടെ വിഘ്നങ്ങളെ മറികടക്കണം ഒരിക്കലും അതിൽ പെട്ട് പോകരുത്. മായ വളരെ ശക്തിശാലിയാണ്, നമ്മൾ എങ്ങനെ

മുന്നേറുമെന്ന് ആരാണോ ചിന്തിക്കുന്നത്, അവരെ മായ ഒറ്റയടിക്ക് പച്ചയോടെ വിഴുങ്ങും. ഗജഗ്രാഹകന്റെ കഥപോലെ. ഇത് ഇപ്പോഴത്തെ കാര്യമാണ്. നല്ല നല്ല കുട്ടികളെപ്പോലും മായയാകുന്ന ഗ്രാഹകൻ ഒറ്റയടിക്ക് വിഴുങ്ങുന്നു. അവനവനെ അതിൽ നിന്നും മുക്തമാക്കാൻ സാധിക്കില്ല.നമ്മൾ മായയുടെ അടിയിൽ നിന്നും മുക്തമാവാൻ ആഗ്രഹിക്കുന്നുണ്ടെന്ന് സ്വയം അറിയാം. പക്ഷെ മായ മുക്തമാവാൻ അനുവദിക്കില്ല. അവർ പറയുന്നു- ബാബാ മായയോട് പറയൂ ഇങ്ങനെ പിടികൂടരുതെന്ന്. ബാബ പറയുന്നു ഇത് യുദ്ധ മൈതാനമല്ലേ. യുദ്ധമൈതാനത്തിൽ ഒരിക്കലും ഇങ്ങനെ പറയില്ലല്ലോ- ഇവരോട് യുദ്ധം ചെയ്യരുതെന്ന് പറയൂ എന്ന്, ഞങ്ങൾക്ക് പന്ത് നൽകരുതെന്ന് കളിക്കളത്തിൽ ഒരിക്കലും പറയില്ല. ബാബ പെട്ടന്ന് തന്നെ പറയും യുദ്ധമൈതാനത്തിലേക്കാണ് വന്നിരിക്കുന്നത്, അതുകൊണ്ട് യുദ്ധം ചെയ്യൂ അപ്പോൾ മായയെ തോൽപ്പിക്കാൻ കഴിയും നിങ്ങൾക്ക് വളരെ ഉയർന്ന പദവിയും നേടാൻ സാധിക്കും. ഭഗവാൻ പഠിപ്പിക്കുന്നു എന്നത് ചെറിയ കാര്യമല്ലല്ലോ. ഇപ്പോൾ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് നിങ്ങളുടെ കയറുന്ന കലയാണ് ഉണ്ടാകുന്നത്. നമ്മുടെ ഭാവി ജീവിതത്തെ വജ്രസമാനമാക്കി മാറ്റണം എന്ന താത്പര്യം ഓരോ കുട്ടികൾക്കും വേണം. വിഘ്നങ്ങളെ അകറ്റിക്കൊണ്ടേ മുന്നേറണം. എങ്ങനെയെങ്കിലും ബാബയിൽ നിന്നും പൂർണ്ണ സമ്പത്ത് നേടണം. ഇല്ലെങ്കിൽ കൽപ്പകൽപ്പാന്തരം തോറ്റുപോകും. ഏതെങ്കിലും ധനവായ പിതാവ് തന്റെ കുട്ടികളെ ഈ പഠിപ്പ് പഠിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുകയാണെങ്കിൽ പറയണം, ഞങ്ങൾ ഈ ലക്ഷങ്ങൾ കൊണ്ട് എന്ത് ചെയ്യാനാണ്, നമുക്ക് പരിധിയില്ലാത്ത അച്ഛനിൽ നിന്നും വിശ്വത്തിന്റെ ചക്രവർത്തീ പദവി നേടണം. ഈ ലക്ഷങ്ങളും കോടികളും ഭസ്മമായിപ്പോകാനുള്ളതാണ്. ചിലരുടേത് മണ്ണോടുമണ്ണായിത്തീരും, ചിലരുടേത് അഗ്നിയിൽ എരിയുന്നു, മുഴുവൻ സൃഷ്ടിയും അഗ്നിക്ക് ഇരയാവുകതന്നെ വേണം. ഇത് മുഴുവനും രാവണന്റെ ലങ്കയാണ്. നിങ്ങൾ എല്ലാവരും സീതമാരാണ്. രാമൻ വന്നിരിക്കുകയാണ്. മുഴുവൻ ഭൂമിയും ഒരു ദ്വീപാണ്. ഈ സമയം തന്നെയാണ് രാവണരാജ്യം. ബാബ വന്ന് രാവണരാജ്യത്തെ നശിപ്പിച്ച് നിങ്ങളെ രാമരാജ്യത്തിന്റെ അധികാരിയാക്കി മാറ്റുന്നു. നിങ്ങൾക്ക് ഉള്ളിൽ അളവറ്റ സന്തോഷം ഉണ്ടായിരിക്കണം- ഇങ്ങനെ പറയാറുണ്ട് അതീന്ദ്രിയ സുഖം ഗോപഗോപികമാരോട് ചോദിക്കൂ അതായത് നിങ്ങൾ കുട്ടികളോട് ചോദിക്കൂ. നിങ്ങൾ ചിത്രപ്രദർശിനിയിൽ തന്റെ സുഖത്തിന്റെ പ്രാപ്തിയെക്കുറിച്ച് പറയാറുണ്ടല്ലോ. നമ്മൾ ഭാരതത്തെ സ്വർഗ്ഗമാക്കിക്കൊണ്ടിരിക്കുകയാണ്. ശ്രീമതം അനുസരിച്ച് ഭാരതത്തിന്റെ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. എത്രത്തോളം നിങ്ങൾ ശ്രീമതം പാലിക്കുന്നുവോ അത്രത്തോളം നിങ്ങൾ ശ്രേഷ്ഠമായി മാറുന്നു. നിങ്ങൾക്ക് അഭിപ്രായം നൽകുന്നവരും ധാരാളം വരും. അതുകൊണ്ട് അവരെ തിരിച്ചറിയുകയും അവരിൽ നിന്നും സംരക്ഷിക്കുകയും വേണം. ചിലപ്പോൾ മായയും ഗുപ്തമായ രീതിയിൽ പ്രവേശിക്കും. നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറുകയാണ് എന്ന സന്തോഷം ഉള്ളിൽ ഉണ്ടായിരിക്കണം. നിങ്ങൾ പറയുന്നു ബാബ ഞങ്ങൾ അങ്ങയിൽ നിന്നും സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടാൻ വന്നിരിക്കുകയാണ്. സത്യനാരായണന്റെ കഥ കേട്ട് നമ്മൾ നരനിൽ നിന്നും നാരായണനും, നാരിയിൽ നിന്നും ലക്ഷ്മിയും ആയി മാറുന്നു. ബാബ ചോദിക്കുമ്പോഴും നിങ്ങൾ എല്ലാവരും കൈ ഉയർത്തുന്നു ബാബാ, ഞങ്ങൾ അങ്ങയിൽ നിന്നും പൂർണ്ണമായും സമ്പത്ത് എടുക്കുക തന്നെ ചെയ്യും, ഇല്ലെങ്കിൽ നമുക്ക് കൽപ്പ കൽപ്പം നഷ്ടം സംഭവിക്കുന്നു. ഏതൊരു വിഘ്നം വന്നാലും ഞങ്ങൾ അതിനെ അകറ്റുക തന്നെ ചെയ്യും, അത്രയും ധൈര്യം ആവശ്യമാണ്. നിങ്ങൾ അത്രയും ധൈര്യം കാണിച്ചവരല്ലേ. ആരിൽ നിന്നാണോ സമ്പത്ത് ലഭിക്കുന്നത് അവരെ ഒരിക്കലും ഉപേക്ഷിക്കാറില്ല. ചിലർ നല്ല രീതിയിൽ ഇവിടെ നിലനിൽക്കുന്നുണ്ട്, ചിലർ ഓടിപ്പോയവരുമുണ്ട്. മായയാകുന്ന പെരുമ്പാമ്പ് മുഴുവനായും വിഴുങ്ങിക്കളഞ്ഞു.

ഇപ്പോൾ ബാബ പറയുന്നു അല്ലയോ ആത്മാക്കളെ, വളരെ സ്നേഹത്തോടെ മനസ്സിലാക്കിത്തരുന്നു ഞാൻ പതിത ലോകത്തിലേക്ക് വന്ന് പാവനലോകത്തെ സ്ഥാപിക്കുന്നു. ഇപ്പോൾ പതിത ലോകത്തിന്റെ മൃത്യു തൊട്ടു മുന്നിലാണ്. ഇപ്പോൾ ഞാൻ നിങ്ങളെ രാജാക്കന്മാരുടെയും രാജാവാക്കി മാറ്റുകയാണ്. പതിത രാജാക്കന്മാരുടെയും രാജാവ്. ഒറ്റക്കിരീടമുള്ള രാജാവ് ഇരട്ടക്കിരീടധാരി രാജാക്കന്മാരുടെ മുന്നിൽ എന്തിനാണ് തലകുനിക്കുന്നത്, അരക്കൽപ്പത്തിന് ശേഷം എപ്പോഴാണോ ഇവരുടെ പവിത്രത ഇല്ലാതാകുന്നത്, അപ്പോൾ രാവണരാജ്യത്തിൽ എല്ലാവരും വികാരിയും പൂജാരിയുമായി മാറും. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു-കുട്ടികളേ ഒരിക്കലും തെറ്റ് ചെയ്യരുത്. എന്നെ മറക്കരുത് . നല്ല രീതിയിൽ പഠിക്കൂ. ദിവസവും ക്ലാസ്സിൽ വരാൻ സാധിക്കുന്നില്ലെങ്കിൽ അതിനും ബാബ ഒരുപാട് സൗകര്യങ്ങൾ വേറെ നൽകുന്നുണ്ട്. 7 ദിവസത്തെ കോഴ്സ് നേടൂ. ഇതിലൂടെ മുരളി മനസ്സിലാക്കാൻ സാധിക്കും. എവിടെ പോവുകയാണെങ്കിലും കേവലം രണ്ടു വാക്ക് ഓർമ്മിക്കൂ. ഇതാണ് മഹാമന്ത്രം. സ്വയം ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ദേഹാഭിമാനത്തിലേക്ക് വരുന്നതിലൂടെയാണ് ഏതെങ്കിലും വികർമ്മം അഥവാ പാപകർമ്മം ഉണ്ടാകുന്നത്. വികർമ്മത്തിൽ നിന്നും രക്ഷ നേടുന്നതിനു വേണ്ടി ബുദ്ധിയുടെ പ്രീതി ഒരേയൊരു ബാബയിലേക്ക് വയ്ക്കണം. ദേഹധാരിയോടല്ല. ഓരേയൊരു ബാബയുമായി ബുദ്ധിയുടെ

യോഗം യോജിപ്പിക്കണം. അന്തിമം വരേയ്ക്കും ഓർമ്മിക്കുകയാണെങ്കിൽ വികർമ്മങ്ങൾ ഒന്നും തന്നെ ഉണ്ടാവുകയില്ല. ഇത് ജീർണ്ണിക്കപ്പെട്ട ദേഹമാണ്. ഇതിന്റെ അഭിമാനത്തെ ഉപേക്ഷിക്കൂ. നാടകം പൂർത്തിയായി, ഇപ്പോൾ നമ്മുടെ 84 ജന്മങ്ങളും പൂർത്തിയായി. ഇത് പഴയ ശരീരവും പഴയ ആത്മാവുമാണ്. ഇപ്പോൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകണം പിന്നീട് ശരീരവും സതോപ്രധാനമായത് ലഭിക്കും. ആത്മാവിനെ സതോപ്രധാനമാക്കി മാറ്റണം എന്ന ഒറ്റ ചിന്ത ഉണ്ടായിരിക്കണം. ഇതിനായി ബാബ കേവലം പറയുന്നു എന്നെത്തന്നെ ഓർമ്മിക്കൂ. ഈ ഒരു ചിന്ത വയ്ക്കൂ. നിങ്ങളും ബാബയോട് പറയുന്നുണ്ടല്ലോ- ബാബാ ഞങ്ങൾ പാസ്സായിക്കാണിക്കും. ക്ലാസ്സിൽ എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കില്ലെന്ന് അറിയാമല്ലോ. എന്നാലും പുരുഷാർത്ഥം ചെയ്യും. നിങ്ങൾക്കും അറിയാം നമുക്ക് നരനിൽ നിന്നും നാരായണനായി മാറാനുള്ള പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. എന്തിനാണ് കുറയ്ക്കുന്നത്. ഇവിടെയാണെങ്കിൽ മറ്റൊരു ചിന്തയുമില്ല. യോദ്ധാക്കൾക്ക് യാതൊരു ചിന്തയും ഉണ്ടാകില്ലല്ലോ. ചിലർ ബാബയോട് പറയാറുണ്ട് - ബാബാ ധാരാളം കൊടുങ്കാറ്റുകളും സ്വപ്നങ്ങളുമെല്ലാം വരുന്നു. ബാബ പറയുന്നു ഇതെല്ലാം ഉണ്ടാകും. നിങ്ങൾ ഒരു ബാബയെത്തന്നെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ഈ ശത്രുവിന് മേൽ വിജയം പ്രാപിക്കണം. ചില സമയത്ത് മനസ്സിലോ ചിത്തത്തിലോ പോലുമില്ലാത്ത സ്വപ്നങ്ങൾ വരും. ഒരുപാട് ബുദ്ധിമുട്ടിക്കും. ഇതെല്ലാം മായയാണ്. നമ്മൾ മായയെയാണ് വിജയിക്കുന്നത്. അരക്കൽപ്പത്തേക്ക് വേണ്ടി ശത്രുവിൽ നിന്നും രാജ്യം നേടുകയാണ്, നമുക്ക് മറ്റൊരു ചിന്തയുമില്ല. ധൈര്യശാലികളായ കുട്ടികൾ ഒരിക്കലും അതുമിതും പറയില്ല സന്തോഷത്തോടെ യുദ്ധത്തിന് പോകും. നിങ്ങൾ ഇവിടെ വളരെ സഹജമായും ബാബയിൽ നിന്നും സമ്പത്ത് നേടുന്നു. ഈ മോശമായ ശരീരം ഉപേക്ഷിക്കണം. ഇപ്പോൾ തിരിച്ച് മധുരമായ ശാന്തിധാമത്തിലേക്ക് പോകണം. ബാബ പറയുകയാണ് ഞാൻ നിങ്ങളെ കൊണ്ടുപോകാനായാണ് വന്നിരിക്കുന്നത്. എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാവനമാകും. അപവിത്ര ആത്മാവിന് പോകാൻ കഴിയില്ല. ഇതെല്ലാം പുതിയ കാര്യങ്ങളാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) വികർമ്മങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി ബുദ്ധിയുടെ പ്രീതി ഒരേയൊരു ബാബയിയോട് വയ്ക്കണം. ഈ ജീർണ്ണിക്കപ്പെട്ട ദേഹത്തിന്റെ അഭിമാനത്തെ ഉപേക്ഷിക്കണം.

2) നമ്മൾ യോദ്ധാക്കളാണ്, ഈ സ്മൃതിയിലൂടെ മായയാകുന്ന ശത്രുവിന് മേൽ വിജയം പ്രാപിക്കണം, മായയെക്കുറിച്ച് ചിന്തിക്കരുത്. മായ ഗുപ്തരൂപത്തിൽ വളരെയധികം പ്രവേശിക്കുന്നു. അതുകൊണ്ട് അതിനെ തിരിച്ചറിയണം, അതിൽ നിന്നും സ്വയത്തെ സംരക്ഷിക്കണം.

## വരദാനം- മനസാ വാചാ കർമണാ പവിത്രതയിൽ സമ്പൂർണ മാർക്ക് നേടുന്ന നമ്പർ വൺ ആജ്ഞാകാരിയായി ഭവിക്കട്ടെ

മനസാ പവിത്രത അർത്ഥം സങ്കൽപത്തിൽ പോലും അപവിത്രതയുടെ സംസ്കാരം പ്രത്യക്ഷമാകരുത്. സദാ ആത്മീയസ്വരൂപം അർത്ഥം സഹോദര- സഹോദര ശ്രേഷ്ഠസ്മൃതി ഉണ്ടായിരിക്കട്ടെ. വാചാ സദാ സത്യതയും മധുരതയും ഉണ്ടാകണം, കർമണാ സദാ നമ്രത, സന്തുഷ്ടത, ഹർഷിതമുഖത ഉണ്ടാകണം. ഇതേ ആധാരത്തിൽ നമ്പർ ലഭിക്കുന്നു. ഇങ്ങനെ സമ്പൂർണ പവിത്ര ആജ്ഞാകാരി കുട്ടികളുടെ മഹിമ അച്ഛനും പാടുന്നു. അവരാണ് തന്റെ ഓരോ കർമത്തിലൂടെ ബാബയുടെ കർത്തവ്യത്തെ തെളിയിക്കുന്ന സമീപരത്നങ്ങൾ.

## സ്ലോഗൻ- സംബന്ധ- സമ്പർക്കത്തിലും സ്ഥിതിയിലും ലൈറ്റാകൂ, ദിനചര്യയിലല്ല

**അവ്യക്തസൂചനകൾ- ആത്മീയസ്ഥിതിയിൽ കഴിയുവാനുള്ള അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ**

അന്തർമുഖി ആത്മാക്കൾ എങ്ങനെയുള്ള പരിതസ്ഥിതിയാകട്ടെ, നല്ലതാകട്ടെ, ഇളക്കുന്നതാകട്ടെ എന്നാൽ ഓരോ സമയവും ഓരോ പരിതസ്ഥിതിയ്ക്കും ഉള്ളിൽ അവനവനെ അഡ്ജസ്റ്റ് ചെയ്യുന്നു. ഒറ്റയ്ക്കാകട്ടെ, സംഘടനയിലാകട്ടെ രണ്ടിലും അഡ്ജസ്റ്റ് ആകുക- ഇതാണ് ബ്രാഹ്മണജീവിതം.